# Mary Matha LPS Punnakunnam




# Academic Master Plan

# 2025- 2026

Scanned with OKEN Scanner

# ആമുഖം

പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി കുട്ടികളെ അവിടേക്കാകർഷിക്കാനും മികച്ച പരിശീലനം നൽകാനും ലക്ഷ്യം വച്ചുകൊണ്ട് കേരള സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് 'അക്കാദമിക മികവ്' എന്ന ആശയം മുന്നിൽ കണ്ടുകൊണ്ട് മേരി മാതാ എൽ പി എസ് ഈ പദ്ധതിക്ക് പ്രാധാന്യം നൽകുന്നത്. ഇതിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിന് സഹായകമായ കർമ്മ പദ്ധതികൾ ഉൾക്കൊള്ളുന്നതാണ് ഈ സ്കൂളിലെ വിദ്യാലയ വികസന പദ്ധതി. പി.റ്റി.എ, SRG, അധ്യാപകർ, എം.പി.റ്റി.എ എന്നിവരുടെ സഹായത്തോടെ അതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഈ വിദ്യാലയത്തെ ഈ നാടിന്റെ മുഖ്യ ശ്രദ്ധാധാരയിലേക്ക് കൊണ്ടു വരുവാനുള്ള ഞങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും തീരുമാനങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ വിദ്യാലയ വികസന പദ്ധതി. അതോടൊപ്പം വിദ്യാഭ്യാസവകാശനിയമം, ദേശീയ വിദ്യാഭ്യാസ നയം, കേരളകരിക്കുലം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ വിദ്യാഭ്യാസ വികസന പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയം | : | മേരി മാതാ എൽ.പി.എസ്, പുന്നക്കുന്നം |
| വിലാസം | : | പുന്നക്കുന്നം P.O, ആലപ്പുഴ |
| ഫോൺ | : | 0477, 2991260 |
| വിദ്യാഭ്യാസ ഉപജില്ല | : | മങ്കൊമ്പ് |
| വിദ്യാഭ്യാസ ജില്ല | : | കുട്ടനാട് |
| റവന്യൂ ജില്ല | : | ആലപ്പുഴ |
| ബി. ആർ. സി | : | മങ്കൊമ്പ് |
| സി. ആർ. സി | : | ചമ്പക്കുളം |
| ഗ്രാമ പഞ്ചായത്ത് | : | ചമ്പക്കുളം |
| ബ്ലോക്ക് പഞ്ചായത്ത് | : | ചമ്പക്കുളം |
| ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ |
| നിയമസഭാ മണ്ഡലം | : | കുട്ടനാട് |
| ലോകസഭാ മണ്ഡലം | : | മാവേലിക്കര |
| സ്കൂൾ ഇ.മെയിൽ | : | marymathalpspunnakunnam@gmail.com |

Scanned with OKEN Scanner

# സ്കൂളിനെ അറിയാം

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ ചമ്പക്കുളം വില്ലേജിൽ പുന്നക്കുന്നത്തുശ്ശേരി കരയിൽ ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. ഇത് എയ്ഡഡ് വിദ്യാലയമാണ്. AD 1865ൽ സ്ഥാപിതമായ ഈ സ്കൂളിന്റെ മാനേജരായി ശ്രീ AK കോര ഇല്ലിചറമ്പിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചിരുന്നു. 1981 മുതൽ സ്കൂളിന്റെ നടത്തിപ്പ് Adoration Congregation-ന്റെ കോർപറേറ്റ് മാനേജ്മെന്റ് ഏറ്റെടുത്തു. "സ്ത്രീ വിദ്യാഭ്യാസത്തിലൂടെ കരകളെയും നാടിനെയും ശുദ്ധീകരിക്കുകയും നവീകരിക്കുകയും ചെയ്യുക" എന്ന് ഉറക്കെ പ്രഘോഷിച്ച ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രഥമ മെത്രാനായിരുന്ന ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിനാൽ സ്ഥാപിതമായ ആരാധന സന്യാസിനി സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഈ സ്കൂൾ ഇന്ന് ഉയരങ്ങളിലേയ്ക്ക് മുന്നേറിക്കൊണ്ടിരിക്കുന്നു.

# ലക്ഷ്യങ്ങൾ

* കുട്ടികളുടെ പഠന മികവു വർദ്ധിപ്പിക്കുക, മാതൃഭാഷ സ്വതന്ത്രമായി സ്വതന്ത്രമായി കൈകാര്യം ചെയ്യുവാനുള്ള കഴിവു നേടുക.
* പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പിന്തുണ നൽകുക. ശ്രവണം, ഭാഷണം, വായന, ലേഖനം എന്നീ മേഖലകളിൽ കൂടമടവിധം കഴിവ് നേടാൻ കുട്ടികളെ സഹായിക്കുക.
* ഗണിത ശേഷി വർദ്ധിപ്പിക്കുക.
* ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കുവാനുമുള്ള ശേഷി നേടുക.
* രസകരമായ പഠനത്തിലൂടെ സംഖ്യാബോധം വളർത്തുവാനും, ജ്യാമിതീയ രൂപങ്ങളെ പരിചയപ്പെടുത്തുക, കലണ്ടർ, സമയം, യുക്തിചിന്ത വളർത്തുക, നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾക്കു പരിഹാരം

Scanned with OKEN Scanner

* പരിസ്ഥിതി സംരക്ഷണത്തിനുള്ള താല്പര്യം കുട്ടികളിൽ വളരണം.
* സ്വതന്ത്രമായി തങ്ങളുടെ ആശയങ്ങൾ ആവിഷ്കരിക്കാൻ തക്ക സാഹിത്യ പാഠ പരിശീലനവും കുട്ടികൾക്ക് ലഭ്യമാകണം.
* ആധുനിക സൗകര്യങ്ങളുള്ള ശൗചാലയങ്ങൾ ഉണ്ടാകണം.
* വിദ്യാലയം കുട്ടികൾക്ക് ആകർഷകവും സന്തോഷകരവുമാകണം.
* കുട്ടികളെ കൂടുതൽ മികവുള്ളവരാക്കാൻ ഗ്രൂപ്പ് പ്രവർത്തനങ്ങൾ സജീവമാകണം.
* പിന്നോക്കം നിൽക്കുന്നവർക്ക് കൈത്താങ്ങാകണം.
* ക്ലാസ് ലൈബ്രറികൾ പ്രയോജനപ്പെടുത്തി കുട്ടികളുടെ വായനാശീലം വളർത്തണം.

## നിഗമനം

കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനും അധ്യാപകർ ശ്രദ്ധിക്കുന്നുണ്ട്. ഐ.ടി സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. കുറച്ചു കൂടി മെച്ചപ്പെടുത്തുവാൻ ശ്രമിച്ചാൽ സ്കൂളിനെ കൂടുതൽ മികവിലേയ്ക്ക് എത്തിക്കുവാൻ സാധിക്കും.

## പ്രശ്നങ്ങൾ,വെല്ലുവിളികൾ

* ചില കുട്ടികൾക്ക് ഭാഷ പ്രയോഗിക്കുവാനുള്ള ഭാഷാശേഷിയുടെ കുറവ്
* രക്ഷാകർത്താക്കളുടെ സമയക്കുറവ്
* അധ്യാപകർക്ക് റിപ്പോർട്ടുകളുടെ ബാഹുല്യം മൂലം കുട്ടികളെ ശ്രദ്ധിക്കുവാൻ സമയക്കുറവ്.
* കായിക വിദ്യാഭ്യാസത്തിന് ആവശ്യമായ സ്ഥലമോ സൗകര്യമോ ഇല്ല.
* പഠനത്തിന് അനുകൂലമായ അന്തരീക്ഷമില്ലാത്ത വീടുകൾ
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിനുള്ള സാമ്പത്തിക ബാധ്യത.

Scanned with OKEN Scanner

ലൈബ്രറിയിലെ ചെറുകഥകൾ, കവിതകൾ, കുട്ടികവിതകൾ എന്നിവ നൽകുകയും എല്ലാ ക്ലാസുകാർക്കും ആഴ്ചയിൽ ഓരോ ദിവസം വീതിച്ചു നൽകുകയും പുസ്തകങ്ങൾ എടുത്ത് കുട്ടികൾ തന്നെ Issue ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന് വായിച്ച പുസ്തകങ്ങളുടെ ചെറുകുറിപ്പുകൾ "എന്റെ വായനാ ബുക്ക്' എന്ന ബുക്കിൽ എഴുതുകയും ഗ്രന്ഥകാരെക്കുറിച്ച് എഴുതുകയും ചെയ്യുന്നു. കൂടാതെ പുസ്തകങ്ങൾ വായിച്ച് തയ്യാറാക്കിയ കുറിപ്പുകൾ സ്കൂൾ അസംബ്ലിയിൽ വായിക്കാൻ അവസരം കുട്ടികൾക്ക് നൽകുന്നു.

## എസ്. ആർ. ജി

സ്കൂളിന്റെ പ്രവർത്തനങ്ങൾ ഹെഡ്മിസ്ട്രസ്സിനോട് ചേർന്ന് SRG കൺവീനർ നേതൃത്വം നൽകുന്നു. 2 ആഴ്ചയിലൊരിക്കൽ SRG കൂടുന്നതിനും കാര്യപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും അധ്യാപകരും സഹകരിക്കുന്നു. കൂടാതെ അജണ്ട നേരത്തെ തന്നെ തയ്യാറാക്കി അറിയിപ്പ് ബുക്കിൽ അധ്യാപകർക്ക് മുന്നറിയിച്ച് നൽകുന്നു. അവലോകനം, ആസൂത്രണം എന്ന ക്രമത്തിൽ SRGയിൽ തീരുമാനിക്കുന്ന കാര്യങ്ങൾ വ്യക്തമായി SRG ബുക്കിൽ SRG കൺവീനർ രേഖപ്പെടുത്തുന്നു.

## എന്റെ കുട്ടികൾ

സ്കൂളിലെ ഓരോ കുട്ടികളുടെയും വിവരങ്ങൾ ക്ലാസ് തലത്തിൽ അധ്യാപകർ ശേഖരിക്കുന്നു. എന്റെ കുട്ടികൾ എന്ന ബുക്കിൽ രേഖപ്പെടുത്തുന്നു. ഇതിലേക്കായി വിവരങ്ങൾ ശേഖരിക്കുന്നതിനായി അധ്യാപകർ ഭവനം സന്ദർശിക്കുകയും കുട്ടികളുടെ ബൗദ്ധിക സാഹചര്യങ്ങൾ മനസ്സിലാക്കി രേഖപ്പെടുത്തുകയും ചെയ്യുന്നു.

## ലൈബ്രറി

* കുട്ടികളുടെ വായന പരിപോഷിപ്പിക്കുന്നതിനായ് ലൈബ്രറി മിനി ഹോളിൽ സജ്ജമാക്കി. Shelf-ൽ തരം തിരിച്ച് ഓരോ ക്ലാസിനും ഉപയോഗിക്കത്തക്ക വിധത്തിൽ പുസ്തക ക്രമീകരണം നടത്തിയത് കുട്ടികൾക്ക് വേഗത്തിൽ എടുക്കുന്നതിനും പുസ്തകം വായിക്കുന്നതിനു സഹായകമാണ്

* ആഴ്ചയിൽ ഓരോ ദിവസം ഓരോ ക്ലാസിനായ് നിശ്ചയിക്കപ്പെട്ടു. അതാത് ദിവസങ്ങളിൽ കുട്ടികൾ അധ്യാപകർക്കൊപ്പം ചെന്ന് ലൈബ്രറി പുസ്തകങ്ങൾ എടുക്കുന്നതിനും രണ്ടാഴ്ച വായിക്കുന്നതിനായ് കൊണ്ടു പോകാവുന്നതുമാണ്

* ഓരോ ക്ലാസിനും Library Issue Rejister book നൽകുകയും കുട്ടികൾ തന്നെ ക്ലാസിലുള്ളവരുടെ പേരുകൾ എഴുതി വായിക്കുന്ന പുസ്തകവും കൃത്യമായി എഴുതി രേഖപ്പെടുത്തി, മാസത്തിലൊരിക്കൽ ഹെഡ്മിസ്ട്രസിനെ കാണിക്കുകയും ചെയ്യുന്നു.

* ചെറിയ ക്ലാസിലെ കുട്ടികൾക്കായ് ചെറിയ കഥകളും ചിത്രകഥകളും അടങ്ങിയ പുസ്തകങ്ങൾ കുട്ടികൾ വായിക്കുന്നതിനും ഭാവനാശേഷി പരിപോഷിപ്പിക്കുന്നതിന് ഉപയുക്തമാണ്. മുതിർന്ന ക്ലാസിലെ കുട്ടികൾ വായിച്ചിട്ടുള്ള പുസ്തകത്തിൽ നിന്നും കുറിപ്പുകൾ തയ്യാറാക്കി പുസ്തകാസ്വാദനവും വിവരണ കുറിപ്പുകളും എഴുതി അതിനായ് തന്നെ ഒരു ബുക്കും കരുതിവെയ്ക്കുന്നു. എഴുതുന്നതിനും ചിന്തിക്കുന്നതിനും വായിക്കുന്നതിനും ഭാവനാശേഷി വികസനത്തിനും ലൈബ്രറി സഹായകരമാണ്.

Scanned with OKEN Scanner
Scanned with OKEN Scanner

# ലാബ് പ്രവർത്തനങ്ങൾ

## STD - I

* വെള്ളത്തിൽ വസ്തുക്കൾ മുങ്ങുമ്പോൾ അവയ്ക്കുണ്ടാകുന്ന നിറവ്യത്യാസം
* മുട്ടത്തോടിന് ഭാരം എടുക്കാം എന്ന് തിരിച്ചറിയുന്നതിനുള്ള പരീക്ഷണം

## STD - II

* മഴവെള്ളം അളക്കുന്നതിനുള്ള പരീക്ഷണങ്ങൾ
* വിത്ത് മുളപ്പിക്കുന്ന പരീക്ഷണം
* ഗണിത ലാബിലെ പ്രവർത്തനങ്ങൾ, ഗണിത കിറ്റ് ഉപയോഗം

## STD - III

* മണ്ണിലെ ജൈവാംശം, വായു ജലാംശം എന്നിവ കണ്ടെത്തുന്നു
* വെള്ളം എവിടെ പോയ്
* മഴമാപിനി നിർമ്മാണം

## STD - IV

* സസ്യങ്ങളിലെ വേരുകൾ ജലം ആഗിരണം ചെയ്യുന്ന പരീക്ഷണങ്ങൾ
* ചെളിവെള്ളത്തെ ശുദ്ധീകരിക്കുന്ന പരീക്ഷണം.

## STD - V

* രാത്രിയും പകലും ഉണ്ടാകുന്നതിന്റെ പരീക്ഷണങ്ങൾ
* ട്യൂബ്, പൈപ്പ് ട്യൂബ് എന്നിവ ഉപയോഗിച്ച് ജലവിതാനത്തിന്റെ നിരപ്പ് കണ്ടെത്തുന്നു.
* വസ്തുക്കളെ ലീനം, ലായകം, ലായനി എന്നിങ്ങനെ തരംതിരിക്കുന്നതിനുള്ള പരീക്ഷണങ്ങൾ
* പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ജലത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നു.
* വടക്കുനോക്കിയന്ത്രത്തിന്റെ സഹായത്തോടെ ദിശകൾ തിരിച്ചറിയുന്നു.
* മാഗ്നറ്റിക് പോൾ ആകർഷണം, വികർഷണം പരീക്ഷണങ്ങൾ

Scanned with OKEN Scanner

## കായിക പരിശീലനം

* കുട്ടികളിൽ ലളിതവും രസകരവുമായ പ്രവർത്തനങ്ങളിലൂടെ ആരോഗ്യത്തെയും വ്യായാമത്തെയും കായികക്ഷമതയെയും കുറിച്ച് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

* യോഗ, വ്യായാമം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് യോഗാ ക്ലാസുകൾ, വ്യായാമം എന്നിവയ്ക്ക് അവസരം നൽകുന്നു.

* കുട്ടികളിൽ ശാരീരികവും മാനസികവുമായ ഉല്ലാസം ഉണ്ടാകുന്നതിനായ് ഉല്ലാസകളികൾ നടത്തുന്നതിനും സമ്മാനങ്ങൾ നൽകുന്നതിനും ശ്രദ്ധിക്കുന്നു.

* ക്ലാസുകളിൽ കുട്ടികൾക്ക് എയറോബിക്സ് ഡാൻസ് കളിപ്പിക്കുന്നു.

## Bridge Course

* പഠനത്തിൽ 30% -ൽ താഴെ നിലവാരം പുലർത്തുന്ന കുട്ടികൾക്കായ് പ്രത്യേകം അക്ഷരകാർഡ്, ചിത്രകാർഡ്, ഷെയ്പ്സ് എന്നിവ നൽകി പഠനത്തിനുള്ള പ്രേരണയും പിന്തുണയും നൽകുന്നു.

* നിറങ്ങൾ നൽകിയും ചിത്രങ്ങൾ വെട്ടിയൊട്ടിച്ചും പഠനം രസകരമാക്കുന്നു.

* അക്ഷരപ്പാട്ട്, ചിഹ്നപ്പാട്ട് എന്നിവയിലൂടെ അക്ഷരങ്ങളും ചിഹ്നങ്ങളും മനസ്സിൽ ഉറപ്പിക്കുന്നതിനും വാക്കുകൾ എഴുതുന്നതിനും പ്രോത്സാഹനം നൽകുന്നു.

* നമ്പർ കാർഡ്, സംഖ്യാകാർഡ് എന്നിവയിലൂടെ കുട്ടികളുടെ ഗണിതശേഷി വളർത്തിയെടുക്കുന്നു.

Scanned with OKEN Scanner

# CWSN

* അക്ഷരകാർഡ് നൽകുന്നു
* പദകാർഡുകൾ, സംഖ്യാകാർഡുകൾ എന്നിവ നൽകി കാര്യങ്ങൾ ഉറപ്പിക്കാൻ പ്രാപ്തരാക്കുന്നു.
* ചിത്രകാർഡുകൾ നൽകി ആശയം പങ്കുവെയ്ക്കുന്നു.
* ഓരോ shape-ൽ ചിത്രങ്ങൾ വെട്ടിയെടുക്കുമ്പോൾ കളർ നൽകുന്നു
* വലിയ ചിത്രങ്ങൾ ബുക്കിൽ ഒട്ടിച്ച് കളർ ചെയ്യുന്നു
* നമ്പർ കാർഡുകൾ, ഗണിത കിറ്റിന്റെ സഹായത്തോടെ ഏറ്റവും എളുപ്പമുള്ള രീതിയിൽ ഗണിതപഠനം നടത്തുന്നു.
* കാഴ്ച കുറവുള്ള കുട്ടികൾക്ക് റേഡിയോയിലൂടെ കേൾക്കാൻ അവസരങ്ങൾ നൽകുന്നു.
* വലിയ അക്ഷരങ്ങൾ എഴുതിയ ചാർട്ട് പ്രദർശിപ്പിച്ച് പഠനം എളുപ്പമാക്കുന്നു.
* കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ചോദ്യങ്ങൾ പ്രത്യേകമായി നൽകുകയും ശരിയുത്തരം പറയുമ്പോൾ പ്രോത്സാഹനം നൽകുകയും തുടർന്നും സപ്പോർട്ട് നൽകുകയും ചെയ്യുന്നു.
* കുട്ടികളുടെ കൂട്ടത്തിൽ നിന്നുള്ള ബഷീറിന്റെ ചിത്രങ്ങൾ ഉറപ്പാക്കുന്നു.
* ചെറിയ വാക്കുകൾ വായിക്കുന്നതിനും പദാവലി ഉപയോഗത്തിനും അവസരം ഒരുക്കുന്നു

Scanned with OKEN Scanner
Scanned with OKEN Scanner